പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6473 — 11.07.2012 ൽ മറുപടിക്ക്

അട്ടപ്പാടി വാലി ഇറിഗേഷൻ പ്രദേശത്ത് തമിഴ്നാട് ചീഫ് എഞ്ചിനീയറുടെ സന്ദർശനം

| ചോദ്യം<br>ശ്രീ.കെ.ദാസൻ | | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ അനുമതി ഇല്ലാതെ അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി പ്രദേശത്ത് തമിഴ്നാട് ഇറിഗേഷൻ ചീഫ് എൻജിനീയറും സംഘവും സന്ദർശിച്ചത് ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എന്ത് നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറും മറ്റ് ഉദ്യോഗസ്ഥരും TN 4 G 581 എന്ന ടാറ്റാ സുമോ വാഹനത്തിൽ 20.06.2012 പകൽ 11 മണിക്ക് പദ്ധതി പ്രദേശം സന്ദർശിച്ചപ്പോൾ സമീപവാസികൾ വാഹനം തടയുകയും ഈ വിവരം അറിഞ്ഞ് അഗളി പോലീസ് സ്ഥലത്തെത്തി പ്രസ്തുത ഉദ്യോഗസ്ഥരെ മറ്റു ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിലേക്കായി സമീപവാസികൾ ചിലരോടൊപ്പം സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുകയും വിവരങ്ങൾ ചോദിച്ചറിഞ്ഞതിനുശേഷം ഇരു കൂട്ടരെയും പിരിഞ്ഞു പോകാൻ അനുവദിച്ചിട്ടുള്ളതുമാണ്. മറ്റു നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുമ്പോൾ ഔദ്യോഗികമായി ഉത്തരവാദപ്പെട്ടവർ പാലിച്ചിരിക്കേണ്ട നടപടികൾ എന്തെല്ലാം ; | (ബി) | പ്രോട്ടോക്കോൾ അനുസരിച്ചുള്ള സന്ദർശനങ്ങൾ മാത്രമാണ് മുൻകൂർ അറിയിക്കാറുള്ളത്. |
| (സി) | പ്രസ്തുത നടപടികൾ തമിഴ്നാട് സർക്കാർ പാലിച്ചിട്ടുണ്ടായിരുന്നോ ; ഇല്ലെങ്കിൽ ഇത് തമിഴ്നാട് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയോ ; വ്യക്തമാക്കാമോ ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ